
# കാൽവിന് അഞ്ഞൂറ്; ജനീവയിൽ ആഘോഷം

ജിബി വർഗീസ് മീനടം



ജനീവ : ജനീവയെ പ്രോട്ടസ്റ്റന്റ് സഭകളുടെ റോം ആക്കിമാറ്റുകയും അതേസമയം ആധുനിക ജനാധിപത്യത്തിന്റെ വിത്തുകൾ പാകുകയും ചെയ്ത സാമൂഹിക പരിഷ്കർത്താവായിരുന്നു മഹാനായ ജോൺ കാൽവിൻ. അദേഹത്തിന്റെ 500–ാം ജന്മദിനവാർഷികമാണ് ഈ വരുന്ന ജൂലായ് പത്തിന്.

ചിത്രം: ജോൺ കാൽവിൻ

മുതലാളിത്ത വ്യവസ്ഥയുടെ വക്താവിയിരുന്നിട്ടും ആലംബഹീനരെയും ആശ്രയമില്ലാത്തവരെയും സഹായിക്കുന്നതിനുള്ള ഒരു വലിയ മനസിന്റെ ഉടമയായിരുന്നു അദേഹം. കല ദൈവത്തിന്റെ ദാനമാണെന്ന് അദേഹം വിശ്വസിച്ചിരുന്നെങ്കിലും ദൈവത്തിന്റെ നാമത്തിൽ ഉണ്ടാക്കിയ എല്ലാ തരം പ്രതിമകളും ചിത്രങ്ങളും നശിപ്പിച്ചുകളയാനും വിഗ്രഹാരാധനയെ എതിർക്കുന്നതിനും മുൻപന്തിയിലുമായിരുന്നു കാൽവിൻ.

1509 ജൂലായ് പത്തിന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിന് വടക്കുള്ള നോയോൺ പട്ടണത്തിലെ ഒരു ഇടത്തരം റോമൻ കത്തോലിക്കാ കുടുംബത്തിലായിരുന്നു ജോൺ കാൽവിന്റെ ജനനം. പഠനം പൂർത്തിയാക്കി അഭിഭാഷക ജോലിയിൽ ഏർപ്പെട്ട അദേഹം അക്കാലത്ത് റോമൻ കത്തോലിക്കാ മതത്തിനെതിരെയും മാർപാപ്പയ്ക്കെതിരെയും സത്യവിശ്വാസത്തിന്റെ വിപ്ലവക്കൊടുങ്കാറ്റായി മാറിയ മാർട്ടിൻ ലൂഥറിന്റെ എഴുത്തുകളിലും ഉപദേശങ്ങളിലും ആകൃഷ്ടനായി. സത്യവേദപുസ്തകത്തിലെ വചനങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിചെന്ന് പഠനം നടത്തിയ കാൽവിൻ താമസിയാതെ തന്റെ

കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ച് സുവിശേഷപ്രചാരകനായി മാറി.

വേദപുസ്തകത്തിലെ വചനങ്ങളിൽ നിന്നും അകന്നുനിന്നുകൊൺടുള്ള കത്തോലിക്കാ സഭയുടെ പഠിപ്പിക്കലുകൾക്കെതിരെ ഫ്രാൻസിന്റെ മണ്ണിൽ അദേഹം പോരാട്ടമാരംഭിച്ചുവെങ്കിലും സുവിശേഷവിരോധികളായ കത്തോലിക്കാ സഭാധികൃതരും അവരുടെ പിണിയാളുകളും അദേഹത്തെ സ്വിറ്റ്സർലണ്ടിലെ ബാസലിലേക്ക് നാടുകടത്തി.

ബാസലിൽ എത്തിയ കാൽവിൻ അടങ്ങിയിരുന്നില്ല. പകരം കേവലം ഇരുത്തിയാറു വയസ് മാത്രം പ്രായമുള്ള അദേഹം മാർട്ടിൻ ലുഥറിന്റെ ഉപദേശങ്ങളുടെ ചുവടു പിടിച്ച് കുറച്ചുകൂടി തീക്ഷണതയുള്ള ഇൻസ്റ്റിറ്റ്യുട്ട്സ് ഓഫ് ദി ക്രിസ്ത്യൻ റിലിജിയൻ എന്ന ഗ്രന്ഥം രചിച്ചു. ഗ്രന്ഥത്തെ പറ്റി കേട്ടറിഞ്ഞ ജനീവയിലെ പ്രോട്ടസ്റ്റന്റ് വിശ്വാസനേതൃത്വം കാൽവിനെ അങ്ങോട്ടേക്ക് ക്ഷണിച്ചെങ്കിലും അദേഹത്തിന്റെ ചില പഠിപ്പിക്കലുകൾ വളരെ കഠിനമാണെന്ന കാരണത്താൽ അദേഹത്തിന് പിന്നീട് അവർ അയിത്തം കല്പ്പിച്ച് മാറ്റി നിർത്തി.

1541–ൽ വീണ്ടും ജനീവയിലേക്ക് ക്ഷണം ലഭിച്ച കാൽവിൻ കുറെക്കൂടി ശക്തനായാണ് എത്തിയത്. അദേഹത്തിന്റെ വീക്ഷണങ്ങളോട് അനുഭാവപൂർണ്ണമായ സമീപനമാണ് ഇപ്രാവശ്യം പ്രോട്ടസ്റ്റന്റ് നേതൃത്വത്തിനുള്ളതെന്ന ഉറപ്പിൻമേലാണ് അദേഹം ജനീവയിലേക്ക് പോയത്. സഭാനേതൃത്വത്തിന് അക്കാലത്ത് രാഷ്ട്രീയകാര്യങ്ങളിലും പ്രത്യേകിച്ച് ജനീവനഗരത്തിന്റെ ‘ഭരണത്തിലും കാര്യമായ സ്വാധീനമുണ്ടായിരുന്നു. സഭയുടെ നിയമങ്ങളും നയങ്ങളുമാണ് നഗരത്തിന്റെ പൊതുഭരണവും നിയന്ത്രിച്ചിരുന്നത്. സഭയുടെ നേതൃത്വത്തിലെത്തിയ കാൽവിൻ പതുക്കെ രാഷ്ട്രീയഭരണകാര്യങ്ങളിലും മേൽകൈ നേടി.

ജനാധിപത്യത്തിലൂടെയുള്ള അധികാരവികേന്ദ്രീകരണം സഭയിലും സമൂഹത്തിലും കൊണ്ടുവരികയെന്ന ലക്ഷ്യത്തോടയുള്ള ഒരു ഭരണഘടനയ്ക്ക് അദേഹം രൂപം നല്കി. നേതൃത്വത്തിലെ മറ്റുള്ളവരെ കൊണ്ട് അത് അംഗീകരിപ്പിച്ചു.

ദൈവനാമത്തിലുള്ള ആണയിടിൽ, വിവാഹം പോലുള്ള ആഘോഷങ്ങൾക്കിടയിലെ ചൂതാട്ടം , വേശ്യാവൃത്തി, നഗ്നതമറയ്ക്കാതെയുള്ള നൃത്തം തുടങ്ങിയവ കാൽവിൻ രൂപം നല്കിയ ഭരണഘടനയിലൂടെ നിർത്തലാക്കി. സഭാ ആരാധാനയിൽ കാരണം കൂടാതെ വരാതിരിക്കുന്നവർ ശിക്ഷാർഹരാണെന്ന നിയമവും അദേഹം എഴുതിചേർത്തു.

വ്യഭിചാരവും സ്വവർഗഭോഗവും നടത്തുന്നവർക്ക് പരമാവധി വധശിക്ഷ നല്കണമെന്നും സഭാതലത്തിൽ വിപ്ലവത്തിനിടയാക്കിയ ഭരണഘടനയിലൂടെ കാൽവിൻ നിർദേശിച്ചു. ഇത്തരത്തിലുള്ള കഠിനമായ നിയമങ്ങൾ അക്കാലത്ത് നടപ്പാക്കിയെടുക്കാൻ അദേഹത്തിന് ധാരാളം എതിർപ്പുകൾ നേരിടേണ്ടിവന്നിരുന്നു എങ്കിലും കാൽവിൻ തളർന്നില്ല. ഇന്നും അദേഹത്തിന്റെ പ്രവർത്തനങ്ങളെ വിമർശിക്കുന്നവരും അനുകൂലിക്കുന്നവരുമുണ്ട്.

കാൽവിന്റെ കാലത്ത് ജനീവയിൽ താമസിക്കാൻ ആരും ഇഷ്ടപ്പെട്ടിരുന്നില്ലെന്നാണ് ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രോട്ടസ്റ്റന്റ് തിയോളജിയൻ കാൾ ബാർത്തിന്റെ അഭിപ്രായം. പടിഞ്ഞാറൻ യൂറോപ്പിൽ കാൽവിന് ഒരു വില്ലൻ പരിവേഷമാണുള്ളതെന്ന് ഡച്ച് ചരിത്രകാരനായ ഹെർമൻ ജെ സെൽദേഹിയസ്

രേഖപ്പെടുത്തിയിരിക്കുന്നു. കാൽവിന്റെ നിയമങ്ങൾക്കെതിരെ പ്രവർത്തിച്ച സ്പാനിഷ് തിയോളജീയനായിരുന്ന മൈക്കിൾ സെർവിറ്റസിന്റെ വധശിക്ഷയ്ക്ക് ഇടയാക്കിയ സംഭവങ്ങളാണ് കാൽവിന്റെ വില്ലൻ പരിവേഷത്തിന് കാരണമെന്നും സെൽദേഹിയസ് പറയുന്നു. എന്നാൽ അപ്പോസ്തോലൻമാർക്കു ശേഷം ലോകത്തിലെ ഏറ്റവും ആത്മീകമായ അന്തരീക്ഷമുള്ള നഗരമായിരുന്നു കാൽവിന്റെ കാലത്തെ ജനീവയെന്ന് അദേഹത്തെ അനുകൂലിക്കുന്ന വിഭാഗക്കാരനും പ്രസ്ബിറ്റേറിയൻ ചർച്ച് ഓഫ് സ്കോട്ട്ലണ്ടിന്റെ സ്ഥാപകനേതാക്കളിൽ ഒരാളുമായ ജോൺ നോക്സ് അവകാശപ്പെടുന്നു.

കാൽവിന്റെ കാലത്ത് യൂറോപ്പിലെ വലിയ വ്യാപാരകേന്ദ്രമായി ജനീവ വളർന്നിരുന്നു. പണക്കാരായ അഭയാർഥികളുടെയും വ്യാപാരികളുടെയും വിദ്യാസമ്പന്നരായ തൊഴിലാളികളുടെയും കുടിയേറ്റത്തിലൂടെയും കൂട്ടായ പരിശ്രമത്തിലുടെയും ജനീവ സാമ്പത്തികമേഖലയിൽ വൻ വളർച്ചയാണ് ആക്കാലത്ത് നേടിയത്. ആറു ദിവസത്തെ അദ്ധ്വാനമെന്നത് ആരാധാനയ്ക്കുതുല്യമായി കാണണമെന്നായിരുന്നു കാൽവിന്റെ പക്ഷം. എങ്കിലും പാവങ്ങളോടും ആശ്രയമറ്റവരോടും അഭയാർഥികളോടും കരുണകാണിക്കുന്നതിന് ഒരു മടിയും അദേഹത്തിനുണ്ടായിരുന്നില്ല. ദൈവീകമുല്യങ്ങൾ സമൂഹത്തിൽ നടപ്പാക്കുന്നതിൽ യാതോരു വിട്ടുവിഴ്ച്ചയും അദേഹം അനുവദിച്ചിരുന്നില്ല.

കലയെ സ്നേഹിച്ചിരുന്ന കാൽവിൻ പക്ഷെ സഭയ്ക്കുള്ളിൽ ദൈവത്തിന്റെ ഒരു തരത്തിലുള്ള ശില്പവും ചിത്രവും അനുവദിച്ചിരുന്നില്ല. എന്നാൽ അവയിലൂടെ ഉപജീവനം കണ്ടെത്തിയിരുന്ന കലാകാരൻമാർക്ക് പ്രകൃതിയുടെയും മറ്റ് പലതിന്റെയും ശില്പങ്ങളും ചിത്രങ്ങളും ഒരുക്കാൻ പ്രോത്സാഹനം നല്കുകയും അവയുടെ വിപണനത്തിനായി മാർഗം കണ്ടെത്തി നല്കുകയും ചെയതു.

പതിനെട്ടാം നൂറ്റാണ്ടിൽ കാൽവിനിസ്റ്റ് ആശയത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സഭകൾ അമേരിക്കയിലും യൂറോപ്പിലും ധാരാളം ഉടലെടുത്തു. ലോകത്തിന്നുള്ള പ്രസ്ബിറ്റേറിയൻ സഭകൾ അടക്കം പല പ്രോട്ടസ്റ്റന്റ് സഭകളും കാൽവിനിസ്റ്റ് ആശയത്തിലാണ് പ്രവർത്തിക്കുന്നത്. പിന്നീട് ലോകത്തിന്റെ പലഭാഗത്തേക്കും കാൽവിനിസ്റ്റ് ആശയത്തിൽ ഊന്നി പ്രവർത്തിക്കുന്ന സഭകൾ വ്യാപിച്ചു. ഇന്ന് ലോകത്താകമാനം നൂറ് രാജ്യങ്ങളിലായി 75 മില്ല്യൺ വിശ്വാസികളുണ്ടെന്നാണ് കാൽവിനിസ്റ്റ് ആശയത്തിൽ പ്രവർത്തിക്കുന്ന സഭകളുടെ പൊതുവേദിയായ ദി വേൾഡ് അലയൻസ് ഓഫ് റിഫോംഡ് ചർച്ചസിന്റെ നേതൃത്വം അവകാശപ്പെടുന്നത്. എന്നാൽ കാൽവിന്റെ സ്വന്തം കേന്ദ്രമായിരുന്ന ജനീവയിൽ ഈ ആശയത്തിൽ പ്രവർത്തിക്കുന്ന സഭകൾ ന്യുനപക്ഷമാണെന്നത് മറ്റൊരു സത്യം.

1564–ൽ ഈ ലോകത്തോട് കാൽവിൻ വിടപറഞ്ഞു. ജനീവയിലെ പൊതുശ്മശാനത്തിൽ തന്റെ ശരീരം അടക്കം ചെയ്യണമെന്നായിരുന്നു അദേഹത്തിന്റെ ആഗ്രഹം. ശവകല്ലറയ്ക്കുമുകളിൽ യാതൊരു കാരണവശാലും അനുസ്മരണകുറിപ്പുകൾ രേഖപ്പെടുത്തിയ ഫലകങ്ങൾ ഒന്നും കാണരുതെന്നും അദേഹം നിഷ്കർഷിച്ചിരുന്നു.

കാൽവിനിസ്റ്റ് ആശയത്തിൽ ഊന്നിയുള്ള സഭകൾ ജനീവയിൽ ന്യൂനപക്ഷമായെങ്കിലും അദേഹത്തിന്റെ ഓർമകൾ ഇന്നും ജനീവയുടെ തെരുവോരങ്ങളിൽ നിറഞ്ഞുനില്ക്കുന്നുണ്ട്

കാൽവിന്റെ അഞ്ഞൂറാം ജന്മദിനവാർഷികം വിപുലമായ പരിപാടികളോടെ

നടത്താനാണ് ജനീവ കേന്ദ്രമായ ദി വേൾഡ് അലയൻസ് ഓഫ് റിഫോംഡ് ചർച്ചസിന്റെ പദ്ധതി. കാൽവിൻ– 09 എന്നു പേരിട്ടിരിക്കുന്ന ആഘോഷപരിപാടികളുടെ ഭാഗമായി അദ്ദേഹത്തിന്റെ ജീവിതവും ചരിത്രവും കോർത്തിണക്കിയുള്ള പ്രദർശനങ്ങളും സിംപോസിയങ്ങളും മറ്റ് കലാ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട് . കൂടാതെ കാൽവിന്റെ സ്മരണാർഥം സ്വിസ് സർക്കാർ അദ്ദേഹത്തിന്റെ ചിത്രമുള്ള പോസ്റ്റൽ സ്റ്റാംപും സുവനീറും പുറത്തിറക്കിയിട്ടുണ്ട്.